കേരള നിയമസഭാ നടപടികൾ

പതിനൊന്നാം കേരള നിയമസഭ

ആറാം സമ്മേളനം

2003 ജൂലായ് 7, തിങ്കൾ

വാല്യം: 119] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 14

നിയമസഭ 2003 ജൂലായ് മാസം 7-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30 ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. വക്കംപുരുഷോത്തമന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മിസ്റ്റർ സ്പീക്കർ : ഓർഡർ..... ഓർഡർ.....ചോദ്യം നമ്പർ 381.....

ലീഗൽ മെട്രോളജി വകുപ്പിന്റെ പ്രവർത്തനങ്ങൾ

1 (*381) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ :
ശ്രീ. ഡി. സുഗതൻ :
ശ്രീ. കെ. മോഹൻകുമാർ :
ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അളവ് തൂക്കങ്ങളെ സംബന്ധിച്ച നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും ലംഘിക്കപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിന് ലീഗൽ മെട്രോളജി വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) പ്രധാനപ്പെട്ട വിൽപ്പന കേന്ദ്രങ്ങളിൽ ലീഗൽ മെട്രോളജി വകുപ്പ് മിന്നൽ പരിശോധന നടത്താറുണ്ടോ ;

(സി) ഉണ്ടെങ്കിൽ നടപ്പുവർഷം നാളിതുവരെ എത്ര കേന്ദ്രങ്ങളിൽ ഇത്തരം പരിശോധനകൾ നടത്തിയിട്ടുണ്ട് ;

(ഡി) ഇതിൻപ്രകാരം എത്ര സ്ഥാപനങ്ങളുടേയും വ്യക്തികളുടേയും പേരിൽ കേസ് എടുക്കുകയുണ്ടായി ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഉപഭോക്താക്കൾ നൽകുന്ന പരാതിയിൻമേൽ ഏതെല്ലാം തരത്തിലുള്ള നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വെളിപ്പെടുത്താമോ ?

റവന്യൂവും നിയമവും വകുപ്പുമന്ത്രിക്കുവേണ്ടി ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. സി. എഫ്. തോമസ്) : സർ,

(എ) ലീഗൽ മെട്രോളജി വകുപ്പിലെ നിർവ്വഹണ ഉദ്യോഗസ്ഥൻമാർ അവരവരുടെ അധികാര പരിധിക്കുള്ളിൽ അളവു തൂക്ക നിയമങ്ങൾ ലംഘിക്കുന്നത് സംബന്ധിച്ച പരിശോധന നടത്തി വരുന്നു. ഏഴ് ഫ്ളൈയിംഗ് സ്ക്വാഡുകൾ ഇതിനു മാത്രമായി പ്രവർത്തിച്ചുവരുന്നു.

(ബി) ഉണ്ട്.

(സി) നടപ്പു വർഷം 11,838 കേന്ദ്രങ്ങളിൽ പരിശോധന നടത്തിയിട്ടുണ്ട്.

(ഡി) സ്ഥാപനങ്ങളും വ്യക്തികളും ഉൾപ്പെടെ 5,631 കേസ്സുകൾ എടുത്തിട്ടുണ്ട്.

(ഇ) ഉപഭോക്താക്കൾ നൽകുന്ന പരാതിയിൻമേൽ ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥൻമാർ പരിശോധന നടത്തി പരാതിക്കാരെ വിവരം അറിയിക്കുന്നു. പരാതിക്കാരന്റെ മേൽവിലാസം രഹസ്യമായി സൂക്ഷിക്കുന്നു. കേസിന്റെ രീതി അനുസരിച്ച് പിഴ ഈടാക്കുകയും പിഴ ഈടാക്കാത്തവയിൽ കോടതിയിൽ കേസ് ഫയൽ ചെയ്യുകയും ചെയ്യുന്നു. ഇത്തരത്തിൽ ജനുവരി മുതൽ ജൂൺ വരെ 46,61,335 രൂപ പിഴ ഈടാക്കിയിട്ടുണ്ട്. 45 കേസുകൾ വിവിധ കോടതികളിലായി ഫയൽ ചെയ്തിട്ടുണ്ട്.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ, വളരെ അപ്രധാനമായ ഒരു വകുപ്പ് ഇന്ന് പ്രധാനമായ ഒരു വകുപ്പായി മാറിയിരിക്കുകയാണ്. ഈ സംവിധാനം ഏറ്റവും ഫലപ്രദമായി ഉപയോഗിക്കേണ്ടത് നമ്മുടെ കൺസ്യൂമർ ഐറ്റംസിന്റെ കാര്യത്തിലാണ്. പാക്ക്ഡ് ഫുഡ് മെറ്റീരിയൽസാണ് ഇന്ന് മിക്കവാറും കടകളിൽ വിൽക്കുന്നത്. ഈ പാക്ക്ഡ് ഫുഡ് മെറ്റീരിയൽസിലെ അളവും ക്വാളിറ്റിയും നിയന്ത്രിക്കാൻ എന്തെങ്കിലും സംവിധാനം ഉണ്ടോ ; ഇത് അതിന്റെ പരിധിയിൽ വരുമോ ; ഇല്ലെങ്കിൽ ഇതുകൂടി ഉൾപ്പെടുത്താൻ സാധിക്കുമോ ?

ശ്രീ. സി. എഫ്. തോമസ് : പാക്ക്ഡ് കമ്മോഡിറ്റീസിന്റെ കൃത്യത, അതിന്റെ വില, ഗുണനിലവാരം ഇതൊക്കെ പരിശോധിക്കാൻ നിലവിലുള്ള നിയമത്തിനകത്ത് വ്യവസ്ഥയുണ്ട്.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : ടാങ്കർ ലോറികളിൽ പെട്രോൾ, ഡീസൽ ഇവ കൊണ്ടുവരുന്നതിന് കാലിബറേഷൻ ഒരു പ്രധാനപ്പെട്ട കാര്യമാണ്. ഇന്ന് ഞാൻ മനസ്സിലാക്കിയിടത്തോളം പെട്രോൾ ടാങ്ക് കാലിബറേഷന് എറണാകുളത്ത് മാത്രമേ സംവിധാനമുള്ളൂ. അത് വളരെ പരിമിതമാണ് എന്നാണ് അറിയുന്നത്. അതുകൊണ്ട് ഈ കാര്യത്തിൽ എന്തെങ്കിലും പുതിയ സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; അതോ ഇപ്പോഴത്തെ സംവിധാനം തന്നെ മതിയോ ; എന്താണ് ഗവൺമെന്റിന്റെ നിലപാട് ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. എഫ്. തോമസ് : ഇപ്പോഴത്തെ സംവിധാനം അപര്യാപ്ത മാണെന്നാണ് ഗവൺമെന്റ് കരുതുന്നത്. കൂടുതലായി ഈ സൗകര്യം ഏർപ്പെടുത്താൻ ഗവൺമെന്റ് ഉദ്ദേശിക്കുകയാണ്.

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : സർ, രണ്ട് ദിവസങ്ങൾക്ക് മുൻപ് വളരെ പ്രധാനപ്പെട്ട ഒരു ചർച്ച തിരുവനന്തപുരത്ത് കശുവണ്ടിത്തൊഴിലാളി കളെക്കുറിച്ച് നടന്നപ്പോൾ ഉന്നയിക്കപ്പെട്ട പ്രധാനപ്പെട്ട ആരോപണം, കശുവണ്ടിയുടെ തൂക്കം നോക്കിയാണ് അവരുടെ കൂലി നിശ്ചയിക്കുന്നത് എന്നാണ്. എന്നാൽ ത്രാസ്സുകൾ എല്ലാം തന്നെ അളവുതൂക്ക നിയമങ്ങൾക്ക് വിധേയമാക്കാത്ത രീതിയിലാണ് ഉപയോഗിക്കുന്നത്. കശുവണ്ടി ഫാക്ടറികളിലെ ത്രാസ്സുകൾ ആറുമാസത്തിലൊരിക്കൽ പരിശോധിക്കുന്നതിനുവേണ്ടിയുള്ള നിയമനടപടികൾ സ്വീകരിക്കാൻ തയ്യാറാകുമോ ?

ശ്രീ. സി. എഫ്. തോമസ് : നിലവിൽ ഒരു വർഷത്തിലൊരിക്കൽ പുനഃപരിശോധന നടത്തണം എന്നുള്ളതാണ്. അത് സംബന്ധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : ഒരിക്കൽ സീൽ ചെയ്തു വിടുന്ന മീറ്ററുകൾ എത്ര കാലം കഴിഞ്ഞാണ് വീണ്ടും പരിശോധിക്കുന്നത് എന്നത് 'ഒരു വർഷം കഴിഞ്ഞാണ്' എന്നാണ് മന്ത്രി പറഞ്ഞത്. പലപ്പോഴും ചില അഡ്ജസ്റ്റുമെന്റുകൾ നടന്നു പോകുന്നതായിട്ട് ആരോപണങ്ങൾ ഉയർന്നു വന്നിട്ടുണ്ട്. ഇത് കൃത്യമായിട്ടും പരിശോധിക്കാൻ പഞ്ചായത്ത് സമിതിയേയോ അതേപോലുള്ള സ്ഥാപനങ്ങളേയോ കൂടി സാക്ഷ്യപ്പെടുത്തി ഇത് നിർവ്വഹിക്കുമോ ?

ശ്രീ. സി. എഫ്. തോമസ് : പ്രത്യേക കേസ്സുകളിൽ പരാതികളുണ്ടെങ്കിൽ പരിശോധിക്കാം.

ശ്രീ. ഡി. സുഗതൻ : സർ, അങ്ങ് പാക്ക്ഡ് ഐറ്റംസിനെക്കുറിച്ച് പറയുകയുണ്ടായി. പായ്ക്കറ്റിൽ കിട്ടുന്ന സാധനങ്ങളുടെ തൂക്കം പാക്കറ്റിന്റേതുകൂടി ഉൾപ്പെടുത്തിയാണ് രേഖപ്പെടുത്തുന്നത്. ഈ രീതി നിയമാനുസൃതമാണോ ; ഇല്ലെങ്കിൽ ഇത്തരം സന്ദർഭങ്ങളിൽ എന്തെല്ലാം നടപടികൾ എടുക്കും ?

ശ്രീ. സി. എഫ്. തോമസ് : പാക്കറ്റിന്റെ തൂക്കം വരാൻ പാടില്ല. നെറ്റ് കണ്ടന്റ് ആണ് വരേണ്ടത്. അതാണ് രേഖപ്പെടുത്തേണ്ടത്.

ശ്രീ. ഡി. സുഗതൻ : ഓട്ടോറിക്ഷകളുടെ മീറ്ററുകളിൽ വരുത്തുന്ന ക്രമക്കേടുകൾ വഴി അധികചാർജ് ഈടാക്കുന്ന സംഭവങ്ങൾ പോലീസിൽ പരാതിപ്പെട്ടാൽ മീറ്റർ മാറ്റി വയ്പിക്കുന്നതിനുള്ള നടപടികൾ പോലീസ് സ്വീകരിക്കാറില്ല. ഇത്തരം പരാതികൾ ലീഗൽ മെട്രോളജി വകുപ്പിലേയ്ക്ക് കൊടുക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ ; പോലീസും ലീഗൽ മെട്രോളജി വകുപ്പും ചേർന്ന് പ്രവർത്തിക്കാൻ വല്ല സംവിധാനവുമുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. എഫ്. തോമസ് : ഓട്ടോറിക്ഷാ മീറ്ററുകൾ പരിശോധിക്കാനുള്ള സംവിധാനം നിലവിൽ തന്നെ ലീഗൽ മെട്രോളജി വകുപ്പിന് ഉണ്ട്. പിന്നെ പോലീസ് കൂടി ചേർന്ന് പരിശോധിക്കുന്ന കാര്യം ആലോചിക്കാവുന്നതാണ്.

ശ്രീ. കെ. മോഹൻ കുമാർ : സർ, തങ്കവും ചെമ്പും 22 : 2 എന്ന അനുപാതത്തിലാണ് ആഭരണം ഉണ്ടാക്കേണ്ടത്. പലപ്പോഴും അത് 21 : 3, 20 : 4 എന്ന അനുപാതത്തിൽ ചേർത്ത് ഉണ്ടാക്കുന്നതുകൊണ്ട് വാങ്ങിക്കുന്ന ആളുകൾക്കും ഗവൺമെന്റിനും വൻപിച്ച സാമ്പത്തിക നഷ്ടം വരുന്നതായിട്ട് ആക്ഷേപം ഉണ്ട്. ഇത് പരിശോധിക്കുന്നതിന് ഈ വകുപ്പിന് വളരെ അപര്യാപ്തമായ സൗകര്യങ്ങളാണുള്ളത്. കുറച്ചുകൂടി മെച്ചപ്പെട്ട ഇലക്ട്രോണിക് സംവിധാനമോ കംപ്യൂട്ടറൈസ്ഡ് സംവിധാനമോ ഏർപ്പെടുത്തുന്ന കാര്യം ആലോചിക്കുമോ ?

ശ്രീ. സി. എഫ്. തോമസ് : സ്വർണ്ണാഭരണങ്ങളുടെ പ്യൂരിറ്റിയും ഗുണ നിലവാരവും പരിശോധിക്കുന്നതിനുള്ള സംവിധാനം നിലവിൽ ഇല്ല. പക്ഷേ ഇത് വളരെ പ്രധാനപ്പെട്ട കാര്യമായിട്ട് ഗവൺമെന്റ് മനസ്സിലാക്കി. അതുകൊണ്ട് സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസിനെ ഈ കാര്യം ചുമതലപ്പെടുത്തി. അതിനു വേണ്ടിയുള്ള ഒരു ലാബിന്റെ നിർമ്മാണം ഇപ്പോൾ എറണാകുളത്ത് നടന്നു കൊണ്ടിരിക്കുകയാണ്. സെപ്റ്റംബറോടുകൂടി അത് പൂർത്തിയാക്കാം എന്നാണ് വിചാരിക്കുന്നത്.

ശ്രീ. കെ. മോഹൻ കുമാർ : ലബോറട്ടറി സൗകര്യം ഉണ്ടാക്കുന്നത് ഏതായാലും നല്ല ഒരു ചുവടുവയ്പാണ്. അതുപോലെ തന്നെ മൊബൈൽ പരിശോധനാ സൗകര്യങ്ങൾ ഇന്ന് ഈ വകുപ്പിന് വളരെ അത്യന്താപേക്ഷിതമാണ്. മൊബൈൽ പരിശോധനാ സൗകര്യങ്ങൾ കൂടുതൽ വ്യാപകമാക്കുന്നതിന് ഗവൺമെന്റ് നടപടി സ്വീകരിക്കുമോ ?

ശ്രീ. സി. എഫ്. തോമസ് : ഇത് വളരെ പ്രധാനപ്പെട്ട ഒരു നിർദ്ദേശമാണ്. പാക്ക്ഡ് മെറ്റീരിയൽസിന്റെ കാര്യം ഇവിടെ പറഞ്ഞു. പാക്ക്ഡ് മെറ്റീരിയൽസ് വിൽക്കുന്ന കടകളിൽ കയറി പരിശോധിക്കുകയാണെങ്കിൽ ആയിരക്കണക്കിന് കടകൾ പരിശോധിക്കേണ്ടി വരും. അതിനുള്ള സംവിധാനം നമുക്ക് ആവശ്യത്തിന് കിട്ടി എന്നു വരില്ല. പക്ഷേ ഇതിന്റെയൊക്കെ ഉൽപ്പാദന കേന്ദ്രങ്ങളിൽ പരിശോധിക്കുകയാണെങ്കിൽ അത്രയും ശ്രമം ആവശ്യമില്ല. അത്രയും സ്റ്റാഫും വേണ്ട. അതുകൊണ്ട് മൊബൈൽ യൂണിറ്റുകൾ എന്നുള്ള നിർദ്ദേശം ഗവൺമെന്റ് പരിശോധിക്കുന്നതാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, പ്രധാനപ്പെട്ട വിൽപ്പന കേന്ദ്രങ്ങളിൽ മിന്നൽ പരിശോധന നടത്തി 838 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു. ഈ പ്രധാനപ്പെട്ട വിൽപ്പന കേന്ദ്രങ്ങളിൽ നടത്തിയ മിന്നൽ പരിശോധനയിൽ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ഏതെങ്കിലും കേന്ദ്രങ്ങൾ പെട്ടിട്ടുണ്ടോ ; സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ നടക്കുന്ന വിൽപ്പന പരിശോധിക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ടോ ; ഇന്ന് നടക്കുന്ന ഈ പരിശോധനാ സംവിധാനം

സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ കൂടി നടത്തേണ്ടത് ആവശ്യമാണ്. ഈ കാര്യത്തിൽ അടിയന്തിരമായ നടപടി സ്വീകരിക്കാമോ ?

ശ്രീ. സി. എഫ്. തോമസ് : സിവിൽ സപ്ലൈസിന്റെ കാര്യം പ്രത്യേകം പരിശോധിക്കാം.

ശ്രീ. പി. പി. ജോർജ് : സർ, ഫ്ളൈയിംഗ് സ്കാഡിന്റെ പ്രവർത്തനം ഫലപ്രദമായി നടക്കുന്നുണ്ടോ ; ജില്ലാ അടിസ്ഥാനത്തിൽ അത് വേർതിരിച്ച് പ്രവർത്തിക്കാൻ സംവിധാനമുണ്ടോ ?

ശ്രീ. സി. എഫ്. തോമസ് : നമ്മുടെ സംസ്ഥാനത്ത് ഇപ്പോൾ ഏഴ് ഫ്ളൈയിംഗ് സ്കാഡുകളാണ് ഉള്ളത്. തിരുവനന്തപുരം ജില്ലയ്ക്ക് മാത്രമായിട്ട് ഒരു ഫ്ളൈയിംഗ് സ്കാഡ് ഉണ്ട്. കണ്ണൂർ, കാസർകോഡ്, വയനാട് എന്നീ ജില്ലകൾക്ക് പ്രത്യേകമായിട്ട് ഓരോ ഫ്ളൈയിംഗ് സ്കാഡ് ഉണ്ട്. ബാക്കിയുള്ള ജില്ലകൾക്ക് രണ്ട് ജില്ലകൾക്ക് ഒരു സ്കോഡ് വച്ചാണ് ഇപ്പോൾ ഉള്ളത്. എല്ലാ ജില്ലകൾക്കും പ്രത്യേകമായിട്ട് ഒരു ഫ്ളൈയിംഗ് സ്കാഡ് എന്ന ആശയമാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്. അതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

ശ്രീ. മത്തായി ചാക്കോ : സർ,. കേരളം ഒരു കൺസ്യൂമർ സ്റ്റേറ്റായി മാറി എന്നത് പരക്കെ എല്ലാവരും അംഗീകരിച്ചിട്ടുള്ള കാര്യമാണ്. ഉപഭോക്താക്കളെ സംബന്ധിച്ചിടത്തോളം ഈ വകുപ്പിന് വലിയ പ്രാധാന്യം ഉണ്ട്. ഇവിടെ 45 കേസുകളാണ് ഇതുവരെ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളത് എന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. കേരളത്തിലെ വകുപ്പുകൾ മൃതപ്രായമായിക്കൊണ്ടിരിക്കുന്നുവെന്ന് ക്യാബിനറ്റിൽ ഒരു മന്ത്രിയുടെ പ്രസ്താവന വന്നിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ വ്യാപാരി വ്യവസായി സമൂഹത്തിലെ ചില പ്രത്യേക വിഭാഗങ്ങളുടെ സമ്മർദ്ദത്തിന് വിധേയമായി ഈ ഡിപ്പാർട്ടുമെന്റും മരവിച്ചുകൊണ്ടിരിക്കുന്നു എന്നുള്ളത് ഒരു വസ്തുതയാണ്. എക്സൈസ് ഡിപ്പാർട്ടുമെന്റും റയിൽവേയും എല്ലാം ചെയ്യുന്നതുപോലെ ഇത്ര കേസുകൾ ഒരു മാസത്തിൽ രജിസ്റ്റർ ചെയ്യണം എന്നുള്ള നിബന്ധന ലീഗൽ മെട്രോളജി വകുപ്പിന് ഉണ്ടായിരിക്കണം. അതിനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. സി. എഫ്. തോമസ് : ഇവിടെ മെമ്പർ പറഞ്ഞതിൽ ആദ്യത്തേതിന് മറുപടി ഞാൻ പറഞ്ഞു. 45 കേസുകൾ കോടതിയിൽ കൊടുത്തു എന്നാണ് ഞാൻ പറഞ്ഞത്. വെറും 45 കേസുകൾ അല്ല പിടിച്ചിരിക്കുന്നത്. 11,838 കേന്ദ്രങ്ങളിൽ പരിശോധന നടത്തിയിട്ടുണ്ട്. സ്ഥാപനങ്ങളും വ്യക്തികളും ഉൾപ്പെടെ 5,631 കേസുകൾ എടുത്തിട്ടുണ്ട്. കോമ്പൗണ്ട് ചെയ്തത് വേറെ ഉണ്ട്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :സർ, ഏഴ് ഫ്ളൈയിംഗ് സ്കാഡുകളെക്കുറിച്ച് അങ്ങ് സൂചിപ്പിക്കുകയുണ്ടായി. ഫ്ളൈയിംഗ് സ്കാഡ് എന്ന് പറയുമ്പോൾ ഫ്ളൈയിംഗ് സ്കാഡ് കറപ്ഷൻ ആയിട്ടാണ് ജനങ്ങൾക്ക് അനുഭവപ്പെട്ടു വരുന്നത്. ഇപ്പോൾ പെട്രോൾ പമ്പിലൊക്കെ അളവ് കുറച്ച്

LIBRARY ARCHIVES Kerala Legislative Assembly

വിൽക്കുകയാണ്. മാർജിൻഫ്രീ ഷോപ്പ് എന്ന് പറയുന്ന പുതിയ ഒരു ടെന്റൻസി ഇപ്പോൾ വളർന്നു വന്നിട്ടുണ്ട്. അവിടെയും അളവ് നോക്കുമ്പോൾ മാർജിൻ കുറവായിരിക്കുന്നതുകൊണ്ട് അളവും കുറവായിരിക്കും. ഇതുപോലുള്ള കാര്യങ്ങൾ കൂടി ഉൾപ്പെടുത്തിക്കൊണ്ട് ഫ്ളൈയിംഗ് സ്കാഡുകളെ കൂടി ഒരു സൂപ്പർചെക്ക് നടത്താനുള്ള സംവിധാനം ഉണ്ടാക്കിക്കൊണ്ട് ഇത് പെർഫക്ട് ആക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. സി. എഫ്. തോമസ് : ഫ്ളൈയിംഗ് സ്കാഡിന്റെ പ്രവർത്തനം കുറ്റമറ്റതാക്കാൻ എന്തൊക്കെ നിർദ്ദേശങ്ങൾ ഉണ്ടെങ്കിലും പരിശോധിക്കാൻ ഗവൺമെന്റ് തയ്യാറാണ്.

ശ്രീ. പി. ജയരാജൻ : സർ, അളവുതൂക്ക ഉപകരണങ്ങളിൽ വ്യാജൻ ഉണ്ടോ എന്ന് പരിശോധിക്കുന്നതിനുവേണ്ടി ഇപ്പോൾ ഇലക്ട്രോണിക് ബാലൻസുകളാണ് ഉപയോഗിക്കുന്നത്. ഇലക്ട്രോണിക് ബാലൻസുകൾ വാങ്ങിയതിനുശേഷം ഇതുവരെയും അതിന്റെ വാർഷിക മെയിന്റനൻസ് നടത്തിവരുന്നില്ല അതിനുള്ള കോൺട്രാക്ടുപോലും ലീഗൽ മെട്രോളജി വകുപ്പ് നൽകിയിരുന്നില്ല. അതുകൊണ്ട് വലിയ വ്യതിയാനങ്ങൾ ഈ ഇലക്ട്രോണിക് ബാലൻസിൽ തന്നെ കാണിച്ചുകൊണ്ടിരിക്കുകയാണ്. ഇത് പരിഹരിക്കുന്നതിന് ഗവൺമെന്റ് എന്ത് നടപടിയാണ് എടുക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ?

ശ്രീ. സി. എഫ്. തോമസ് : സർ, തീർച്ചയായും തകരാറുകൾ ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതാണ്.

ശ്രീ. വി. ബാലറാം : സർ, നമ്മുടെ നാട്ടിൽ പ്രത്യേകിച്ചും നാട്ടിൻപുറങ്ങളിൽ street vendors ആണ് ധാരാളം ഇപ്പോൾ ഉള്ളത്. അവരുടെ കൈയിൽ നിന്നാണ് സാധാരണക്കാരായിട്ടുള്ള ആളുകൾ പല സാധനങ്ങളും വാങ്ങിക്കുന്നത്. അവർ പഴയ അളവുതൂക്ക സാമഗ്രികൾ തന്നെയാണ് ഇപ്പോഴും ഉപയോഗിക്കുന്നത്. അത് കർശനമായിട്ട് നിയന്ത്രിക്കാനും തടയാനും പരിശോധിക്കാനുമുള്ള സംവിധാനം ഉണ്ടാക്കാൻ സർക്കാരിന്റെ ഭാഗത്തുനിന്ന് എന്തെങ്കിലും നടപടി സ്വീകരിക്കുമോ ?

ശ്രീ. സി. എഫ്. തോമസ് : സർ, ആ കാര്യം പരിശോധിക്കാവുന്നതാണ്.

ശ്രീ. വി. കെ .സി. മമ്മത്കോയ : സർ, ബഹുമാനപ്പെട്ട മന്ത്രി ഇവിടെ മറുപടി പറഞ്ഞപ്പോൾ ഷോപ്പുകൾ ധാരാളം ഉള്ളതുകൊണ്ട് അത് കയറി പരിശോധിക്കാൻ ബുദ്ധിമുട്ടാണ്, അതുകൊണ്ട് ഉൽപ്പാദന കേന്ദ്രത്തിൽ പരിശോധിക്കുന്നതായിരിക്കും നല്ലത് എന്ന് പറഞ്ഞു. കേരളത്തിന് പുറത്തുനിന്ന് നിരവധി സാധനങ്ങൾ എക്സൈസ് തീരുവയും, സെയിൽസ് ടാക്സും വെട്ടിച്ച് ഇവിടെ കൊണ്ടുവന്ന് ഉൽപ്പാദകന്റെ പേരോ അഡ്രസ്സോ ഇല്ലാതെ വിറ്റുവരുന്നുണ്ട്. അത് കേരളത്തിലെ ഉൽപ്പാദകരെത്തന്നെ ബാധിക്കുന്ന ഗുരുതരമായ പ്രശ്നമാണ്. അതുകൊണ്ട് ഷോപ്പുകളിൽ കയറി പരിശോധിക്കുന്നതിന് ആവശ്യമായ കൂടുതൽ സ്റ്റാഫിനെവച്ച് പരിശോധന നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. എഫ്. തോമസ് : സർ, അതിന് പ്രയാസമില്ല, ഞാൻ പറഞ്ഞത് ഷോപ്പുകളിലുള്ള പരിശോധന നടക്കുന്നുണ്ട്, അതിനുപുറമെ വിവിധ ഷോപ്പുകളിൽ കയറുന്നതിനേക്കാൾ ആ സാധനങ്ങളുടെ ഉൽപ്പാദനം നടത്തുന്ന സ്ഥലങ്ങളിൽ പരിശോധിക്കുകയാണെങ്കിൽ ; കുറച്ചുകൂടി ഇഫക്ടീവായിട്ട് കാര്യങ്ങൾ ചെയ്യാം.

ശ്രീ. വി. ഡി. സതീശൻ : സർ, സപ്ലൈ-കോ യിൽ പരിശോധന നടത്തേണ്ട കാര്യം ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ചു, സപ്ലൈ-കോ യുടെ വിൽപ്പനയെപ്പോലും വെല്ലുവിളിക്കുന്ന രീതിയിൽ സംസ്ഥാനത്തെമ്പാടും മാർജിൻ ഫ്രീ സൂപ്പർ മാർക്കറ്റുകളുടെ ശൃംഖല വന്നിരിക്കുകയാണ്. ഈ ശൃംഖലകളിലെല്ലാം അളവു തൂക്കത്തിന് വ്യാപകമായ രീതിയിൽ കുറവുണ്ട് എന്നുള്ള രീതിയിലുള്ള പരാതികൾ വന്നിട്ടുണ്ട്. അതുകൊണ്ട് സംസ്ഥാനത്തെ മാർജിൻ ഫ്രീ മാർക്കറ്റുകളുടെ ശൃംഖലകളിലും അവരുടെ റീട്ടെയിൽ ഷോപ്പുകളിലും ഉൽപ്പാദന കേന്ദ്രങ്ങളിലും പ്രത്യേകവും, നിരന്തരവുമായ പരിശോധന നടത്താൻ ഡിപ്പാർട്ടുമെന്റ് തയ്യാറാകുമോ ?

ശ്രീ. സി. എഫ്. തോമസ് : സർ, പരാതി വരുന്ന കേസുകളിൽ തീർച്ചയായും നടപടി സ്വീകരിക്കുന്നുണ്ട്, ഈ നിർദ്ദേശവും ഗവണ്മെന്റ് പരിഗണിക്കുന്നതാണ്.

ശ്രീ. എ. കെ. ബാലൻ : സർ, ലീഗൽ മെട്രോളജി വകുപ്പ് പെട്രോൾ വാങ്ങിയ വകയിൽ 5 ലക്ഷത്തോളം രൂപ കുടിശ്ശിക നൽകാനുണ്ടെന്നും, മെട്രോളജി വകുപ്പ് ഇല്ലാതാകാൻ പോകുകയാണെന്നും പറയുന്നു, ഞാൻ പറയുന്നത്, നമ്മുടെ സാദ്ധ്യതയുടെ പത്തിലൊന്നു പോലും മിന്നൽ പരിശോധന നടക്കുന്നില്ല. ഏഴ് ഫ്ളൈയിംഗ് സ്ക്വാഡേ ഉള്ളൂ. വാസ്തവത്തിൽ ഓരോ ജില്ലയിലും ഓരോ ഫ്ളൈയിംഗ് സ്ക്വാഡ് വേണ്ടതാണ്. എന്തുകൊണ്ടാണ് ഇല്ലാതാകുന്നത് എന്നുള്ളതാണ് എന്റെ ചോദ്യം. ലീഗൽ മെട്രോളജി വകുപ്പ് പെട്രോൾ വാങ്ങിയ വകയിൽ 5 ലക്ഷം രൂപ കുടിശ്ശിക നൽകാനുണ്ടെന്നും ഈ സാഹചര്യം തുടരുകയാണെങ്കിൽ വകുപ്പിന്റെ മുഖ്യ പ്രവർത്തനങ്ങളിലൊന്നായ പരിശോധന നിർത്തിവയ്ക്കേണ്ടി വരും, അതിലൂടെ സർക്കാരിന് ലഭിച്ചുകൊണ്ടിരിക്കുന്ന റവന്യൂ വരുമാനത്തിന്റെ നല്ലൊരു ശതമാനം കുറവുവരും എന്ന് സബ്ജക്ട് കമ്മിറ്റി-II ഗവൺമെന്റിന്റെ മുൻപിൽ മുന്നറിയിപ്പ് നൽകി. സബ്ജക്ട് കമ്മിറ്റി -II എ. കെ. ബാലന്റേതല്ല. അത് ഗവൺമെന്റ് പരിഗണിച്ച് പരിശോധിച്ച് ഇക്കാര്യത്തിൽ ആവശ്യമായ തുക ഈ വകുപ്പിന് കൊടുക്കുമോ എന്നുള്ളതാണ് എന്റെ ചോദ്യം.

ശ്രീ. സി. എഫ്. തോമസ് : സർ, പ്രവർത്തനം സ്തംഭിക്കുന്ന രീതിയിൽ ഒരു കാര്യവും ഉണ്ടാകാതിരിക്കാൻ ഗവൺമെന്റ് പ്രത്യേകം ശ്രദ്ധിക്കും.

ശ്രീ. എൻ. ശക്തൻ : സർ, സ്വർണ്ണത്തിന്റെ കാരറ്റ് പരിശോധിക്കുന്നത് caratometer എന്ന് ഒരു ഉപകരണമാണ്. അത് കേരളത്തിൽ എന്നല്ല, ഇൻഡ്യയിൽ തന്നെ ഇപ്പോൾ ഇല്ല. അതേ സമയം മറ്റു രാജ്യങ്ങളിൽ ഉണ്ട്. അതുകാരണം ഇന്ന് ശരിയായ രീതിയിൽ പരിശോധന നടക്കുന്നില്ല. ശരിയായ

LIBRARY ARCHIVES Kerala Legislative Assembly

രീതിയിൽ പരിശോധന നടത്തുന്നതിന് caratometer കേരളത്തിലെ ലീഗൽ മെട്രോളജി വകുപ്പ് സ്വന്തമായി വാങ്ങുമോ? അതോടൊപ്പം വാഹനവും സ്റ്റാഫും ഇല്ലാത്തതുകാരണം ശരിയായ പ്രവർത്തനം നടക്കാത്തതുകൊണ്ട് അവർക്കാവശ്യമായ വാഹനവും സ്റ്റാഫും കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. സി. എഫ്. തോമസ് : സർ, ഈ പറഞ്ഞ സംവിധാനം ഒരു ലാബ്തന്നെ, സ്വർണ്ണത്തിന്റെ പ്യൂരിറ്റി പരിശോധിക്കാനായിട്ട്. എറണാകുളത്ത് നമ്മൾ നിർമ്മാണം നടത്തിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. ടി. വി. ചന്ദ്രമോഹൻ : സർ, ലീഗൽ മെട്രോളജി വകുപ്പിന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി മിന്നൽ പരിശോധന നടക്കുന്നുണ്ടെന്ന് അങ്ങ് സൂചിപ്പിക്കുകയുണ്ടായി, മിക്കപ്പോഴും ആട്ടോറിക്ഷാ മീറ്ററുകളാണ് അവർ മിന്നൽ പരിശോധനയിൽ പിടിക്കുന്നത്. എന്നാൽ ആട്ടോറിക്ഷാ മീറ്ററുകൾ സീൽ ചെയ്യുന്നതിന് ഓഫീസിൽ ആവശ്യമായ സ്റ്റാഫ് ഇല്ലാതിരിക്കുകയാണ്, അവിടെ പാർക്ക് ചെയ്യാനുള്ള സ്ഥലം ഇല്ലാ എന്നുള്ളത് പ്രധാനപ്പെട്ട ഒരു പ്രശ്നമാണ്. അതുകൊണ്ട് മിന്നൽ പരിശോധനയ്ക്കുള്ള സൗകര്യം ഈ ഓഫീസിലും കൂടി ഉണ്ടാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അതിന് എന്തെങ്കിലും നടപടി സ്വീകരിക്കുമോ ?

ശ്രീ. സി. എഫ്. തോമസ് : സർ, ഇങ്ങനെയുള്ള പരാതികൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടാൽ തീർച്ചയായും പരിശോധിക്കാം.

ശ്രീ. ടി. എൻ. പ്രതാപൻ : സർ, സംസ്ഥാനത്ത് ഉദ്യോഗസ്ഥ അഴിമതി നടക്കുന്ന ഏറ്റവും പ്രധാനപ്പെട്ട വകുപ്പുകളിൽ ഒന്നാണ് ലീഗൽ മെട്രോളജി വകുപ്പ് എന്ന് പറയേണ്ടി വന്നതിൽ അങ്ങേയറ്റം ഖേദമുണ്ട്. ബേക്കറിയിലെ കേക്ക് മുതൽ പലചരക്കുകടകളിലെ കുടംപുളിവരെ പല ഉൽസവകാലങ്ങളിലും പാരിതോഷികമായി പറ്റുന്നവരാണ് മഹാഭൂരിപക്ഷം വരുന്ന ഇതിലെ പരിശോധകർ. ഇത് അങ്ങേയറ്റം ചൂഷണത്തിന് വിധേയമാക്കപ്പെടുന്ന ഒരു വിഭാഗമാണ്. ഇത്തരം ഉദ്യോഗസ്ഥർക്കെതിരെ പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടി ഉണ്ടായിട്ടുണ്ടോ ?

ശ്രീ. സി. എഫ്. തോമസ് : സർ, എത്ര കേസുകളിൽ ഇങ്ങനെ നടപടി എടുത്തിട്ടുണ്ട് എന്ന് .....

ശ്രീ. എം. എ. ചന്ദ്രശേഖരൻ : സർ, നിരവധി സ്വർണ്ണക്കടകളിൽ electronic weighing machines ഉപയോഗിക്കാതെ ത്രാസും പടിയും ഉപയോഗിക്കുന്നതുകൊണ്ട് തൂക്കത്തിൽ വളരെ വ്യത്യാസം വരുന്നുണ്ട്. നിർബന്ധമായി electronic weighing machines സ്വർണ്ണക്കടകളിൽ എല്ലാം നിർബന്ധമാക്കാൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. സി. എഫ്. തോമസ് : സർ, ഇക്കാര്യത്തിൽ പരിശോധനയുടെ അടിസ്ഥാനത്തിൽ ആവശ്യമായ നടപടികൾ എപ്പോഴും സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ടി. തോമസ് : സർ, മറ്റെല്ലാ മേഖലയിലും ഉള്ളതുപോലെ തന്നെ ലീഗൽ മെട്രോളജിയുടെ പരിശോധനയിലും മഹാഭൂരിപക്ഷവും പരിശോധന നടക്കുന്നത് ചെറുകിടക്കാരുടെയും, ഇടത്തരക്കാരുടെയും കടകളിലും, അതുപോലുള്ള സ്ഥാപനങ്ങളിലുമാണ്. വൻകിടക്കാരെ പലപ്പോഴും കൈകാര്യം ചെയ്യുന്നില്ല. ഉദാഹരണത്തിന് ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ സ്വർണ്ണക്കച്ചവടം നടക്കുന്ന സ്ഥാപനങ്ങൾ പോലുള്ള വമ്പിച്ച ബിസിനസ്സ് നടക്കുന്നിടത്ത് പലപ്പോഴും നടക്കുന്നില്ല. അങ്ങനെയുള്ള വൻകിടക്കാരെ കൂടി ഇതിന്റെ പരിധിയിൽ കൊണ്ടുവരുവാൻ ശ്രദ്ധിക്കുമോ ?

ശ്രീ. സി. എഫ്. തോമസ് : സർ, അങ്ങനെ വ്യാപകമായി പരാതി വന്നതിന്റെ അടിസ്ഥാനത്തിലാണ് സ്വർണ്ണത്തിന്റെ പ്യൂരിറ്റി നിശ്ചയിക്കാനുള്ള ലാബ് തന്നെ തുടങ്ങാനായി നിശ്ചയിച്ചത്.

ശ്രീ. അടൂർ പ്രകാശ് : സർ, ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറയുകയുണ്ടായി, ഉൽപ്പാദനകേന്ദ്രത്തിൽ പരിശോധന നടത്തുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ട് എന്ന്. ഇപ്പോൾ നമ്മുടെ വ്യാപാര സ്ഥാപനങ്ങളിൽ വിറ്റഴിക്കുന്ന സാധനങ്ങൾ അതിന്റെ പരിശോധന നടത്തുമ്പോൾ അളവുതൂക്കത്തിൽ ഉണ്ടാകുന്ന മാറ്റങ്ങൾ കാണുമ്പോൾ ആ വ്യാപാര സ്ഥാപനങ്ങളുടെ ഉടമകളുടെ പേരിലാണ് കേസുകൾ ഇപ്പോൾ രജിസ്റ്റർ ചെയ്യുന്നത്. ഉൽപ്പാദന കേന്ദ്രത്തിൽ കാണിക്കുന്ന അപാകതകൾ, അവർ കാണിക്കുന്ന ചൂഷണമാണ് ഇതിന്റെ യഥാർത്ഥമായ കാര്യം. അത്തരം കേന്ദ്രങ്ങളിൽ നിന്നുവരുന്ന പായ്ക്കറ്റിനു പുറത്ത് ഏത് ഉൽപ്പാദകരാണ് അത് ചെയ്യുന്നത് എന്ന് പേരുണ്ട്. അവരുടെ പേരിൽ കേസ് രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കുമോ ?

ശ്രീ. സി. എഫ്. തോമസ് : സർ, അക്കാര്യം തീർച്ചയായും പരിശോധിക്കുന്നതാണ്.

ശ്രീ. സി. മമ്മൂട്ടി : സർ, അളവുതൂക്ക മേഖലകളിൽ ഏറ്റവും കൂടുതൽ കൃത്രിമം നടക്കുന്ന ഒരു മേഖലയാണ് പെട്രോൾ ബങ്കുകൾ. കാരണം മറ്റേത് സാധനങ്ങളും വീണ്ടും, നമുക്ക് തൂക്കിനോക്കാനും, അളന്നു നോക്കാനും മാർഗ്ഗമുണ്ട്. അതേസമയം വാഹനത്തിലും മറ്റും പെട്രോൾ അടിക്കുകയോ മറ്റോ ചെയ്താൽ അത് തൂക്കിനോക്കാനോ, അളന്നുനോക്കാനോ മാർഗ്ഗം ഇല്ലാത്തതുകൊണ്ട് വ്യാപകമായി അത്തരം മേഖലകളിൽ കൃത്രിമം നടക്കുന്നുണ്ട്. അതിനാൽ അത് പരിശോധിക്കാനുള്ള ഒരു സംവിധാനം ഇപ്പോൾ ഉണ്ടോ, ഇല്ലെങ്കിൽ അതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ശ്രീ. സി. എഫ്. തോമസ് : സർ, അവിടെ അഴിമതി നടക്കാതിരിക്കാൻ വകുപ്പ് പ്രത്യേകമായിട്ട് ശ്രദ്ധിക്കുന്നുണ്ട്. അതിന് കൂടുതൽ നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly